**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് നഗരസഭയിലെ വൈക്കം മുഹമ്മദ് ബഷീർ റോഡ് - കോർട്ട് റോഡ് വികസനത്തിന് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ നഗരം വില്ലേജിലെ 12.60 സെന്റ് സ്ഥലം 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് കോഴിക്കോട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1196/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 11.06.2019.

പരാമർശം - 1) കോഴിക്കോട് നഗരസഭാ കൗൺസിലിന്റെ 10.01.2017- ലെ 9-ാം നമ്പർ തീരുമാനം.

2) കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ 18.08.2017 -ലെ ടി.പി8 / ഇ 3 /68413/04 നമ്പർ കത്ത്.

3) നഗരകാര്യ ഡയറക്ടറുടെ 19.01.2019, 10.05.2019 തീയതികളിലെ G3-31979/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് നഗരസഭയിലെ മിഠായി തെരുവ് ജംഗ്ഷനിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വൈക്കം മുഹമ്മദ് ബഷീർ റോഡ് - കോർട്ട് റോഡ് വികസിപ്പിക്കുന്നതിനായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ നഗരം വില്ലേജിലെ 12.60 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം കോഴിക്കോട് നഗരസഭാ കൗൺസിൽ തീരുമാനിച്ച് പരാമർശം (2) പ്രകാരം നഗരസഭാ സെക്രട്ടറി സർക്കാരിലേക്ക് അപേക്ഷിക്കുകയുണ്ടായി.

2) 2019-2020 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിൽ നിന്നാണ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക കണ്ടെത്താൻ ഉദ്ദേശിക്കുന്നതെന്ന് കോഴിക്കോട് നഗരസഭാസെക്രട്ടറി വ്യക്തമാക്കുകയും അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്ന ഭൂമി റോഡ് വികസനത്തിന് അനുയോജ്യമാണെന്നുള്ള കോഴിക്കോട് നഗരസഭാ സൂപ്രണ്ടിംഗ് എൻജിനീയറുടെ സാക്ഷ്യപത്രം ഹാജരാക്കുകയും ചെയ്തിട്ടുണ്ട് .

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് നഗരസഭയിലെ മിഠായി തെരുവ് ജംഗ്ഷനിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വൈക്കം മുഹമ്മദ് ബഷീർ റോഡ് - കോർട്ട് റോഡ് വികസിപ്പിക്കുന്നതിനായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ നഗരം വില്ലേജിലെ ടി. എസ്. നം . 07/09/156 (0.87 സെന്റ്), 07/09/155 (6.32 സെന്റ് ), 07/09/147 (2.31 സെന്റ്), 07/08/141 (3.10 സെന്റ്) എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട

വരുന്ന 12.60 സെന്റ് സ്ഥലം 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് കോഴിക്കോട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീജ. വി**

ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കോഴിക്കോട് നഗരസഭ.
ജില്ലാ കളക്ടർ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ